# ഞാൻ, ഞാൻതന്നേ, യഹോവ

## യെശെയ്യാവു 43:11-12

**"ഞാൻ, ഞാൻ തന്നേ, യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല. നിങ്ങളുടെ ഇടയിൽ ഒരു അന്യദേവനല്ല, ഞാൻ തന്നേ പ്രസ്താവിക്കയും രക്ഷിക്കയും കേൾപ്പിക്കയും ചെയ്തതു; അതുകൊണ്ടു നിങ്ങൾ എന്റെ സാക്ഷികൾ എന്നു യഹോവയുടെ അരുളപ്പാടു; ഞാൻ ദൈവം തന്നേ."**

**പുറപ്പാടു** പുസ്തകം **അദ്ധ്യായം 3-ന്റെ** ആദ്യഭാഗങ്ങളിൽ യിസ്രായേലിന്റെ വിടുതലിന്റെ തുടക്കമാണ് നാം കാണുന്നത്. അവിടെ മോശ ദൈവത്തോട്, നീ ആരാണെന്നു യിസ്രായേല്യരോടു ഞാൻ എന്തു പറയേണം എന്നു ചോദിക്കുമ്പോൾ യഹോവയായ ദൈവം പറയുന്ന മറുപടി, 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു' എന്നാണ്. ഇവിടെ തന്റെ സ്വന്ത ജനത്തോട് ദൈവം നേരിട്ടു അരുളിച്ചെയ്യുകയാണ്, ഞാൻ ഞാൻ തന്നേ, ഞാൻ അല്ലാതെ ഒരു രക്ഷിതാവുമില്ല എന്ന്. അവരുടെ ഇടയിൽ കടന്നു കൂടിയിരിക്കുന്ന അന്യദേവ ആരാധനകളെയും ദൈവം എടുത്തു പറയുന്നു. ആ അന്യദേവന്മാർക്ക് അവരെ രക്ഷിപ്പാൻ ഒരിക്കലും സാധ്യമല്ല എന്നു പ്രസ്താവിക്കുന്നതോടൊപ്പം ജനം അവരുടെ ഇഷ്ടത്തിന്നു ആരാധിക്കുന്ന ഈ അന്യദേവന്മാർ തങ്ങൾക്കു ഒരുക്കി വെച്ചിരിക്കുന്നത് നാശവും മരണവും മാത്രമാണെന്നും ദൈവം അവരെ ഓർമ്മിപ്പിക്കുന്നു.

പ്രിയരേ ഇതു എത്രയോ വർഷങ്ങൾക്കു മുമ്പ് നടന്ന കാര്യമാണ് എങ്കിൽ കൂടി ഇന്നും അതിന്റെ പ്രസക്തി എടുത്തു പറയേണ്ടതാണ്. കാരണം ഈ അന്യദേവാരാധന ഇന്ന് നമ്മുടെ ഇടയിലും നിലനിൽക്കുന്ന ഒരു കാര്യമാണ്. ഇന്ന് അന്യദേവാരാധന എന്നു പറഞ്ഞാൽ വിഗ്രഹങ്ങൾ ഉണ്ടാക്കി ആരാധിക്കുന്നതു മാത്രമല്ല, മറിച്ച്, ദൈവത്തെ അറിഞ്ഞ ഒരു ദൈവപൈതൽ തന്റെ ജീവിതത്തിൽ ദൈവത്തിന്നു കൊടുക്കേണ്ടുന്ന സ്ഥാനം മറ്റെന്തിനെങ്കിലും കൊടുക്കുകയോ, അവയിൽ ആശ്രയം വെയ്ക്കുകയോ ചെയ്യുന്നത് തികെച്ചും അന്യദേവാരാധനയാണ്. കാരണം അങ്ങനെ ചെയ്യുക വഴി ഈ ദൈവത്തിന്റെ ശക്തിയെയും വലിപ്പത്തെയും ദൈവം ദൈവമായിരിക്കുന്ന അവസ്ഥകളെയെല്ലാം സംശയത്തിന്റെ മുൾമുനയിലേക്കാണ് നാം കൊണ്ടുപോകുന്നത്. ഇപ്രകാരം നമ്മുടെ ജീവിതത്തിൽ നിന്നും കർത്താവിങ്കലുള്ള നമ്മുടെ നോട്ടം തെറ്റുകയും നാം ലക്ഷ്യബോധം ഇല്ലാത്തവരെപ്പോലെ നമ്മുടെ ജീവിതത്തിന്റെ ഓട്ടം ഓടുവാൻ ഇടയായിത്തീരുകയും ചെയ്യും. നമ്മുടെ ദൈവം തീക്ഷ്ണതയുള്ള ദൈവമാണ്. നമ്മിൽ നിന്നും അവൻ ആവശ്യപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്ന് പറയുന്നത് നമ്മുടെ ഹൃദയം അവനു

നൽകുകയും, നമ്മുടെ ആശ്രയം അവനിൽ വെയ്ക്കുകയും അവനിൽ മാത്രം അഭയം തേടുകയും ചെയ്യുക എന്നതാണ്.

യോഹന്നാൻ 14:6 ൽ ഇപ്രകാരം നാം വായിക്കുന്നു, "ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല." മനുഷ്യകുലത്തിന്റെ രക്ഷയ്ക്കു വേണ്ടി ദൈവം നൽകിത്തന്ന വലിയ ദാനമാണ് അവന്റെ സ്വന്തപുത്രൻ ആയ കർത്താവായ യേശു. അവൻ മാത്രമാണ് നമ്മുടെ രക്ഷയും പിതാവിങ്കലേക്കുള്ള നമ്മുടെവഴിയും. അവനിലൂടെയല്ലാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ സാധ്യമല്ല. നമ്മുടെ പാപങ്ങൾ മോചിക്കാൻ അവൻ ചൊരിഞ്ഞ രക്തത്തിൽ വിശ്വസിക്കുക വഴി നാം ദൈവമക്കളാക്കപ്പെടുന്നു. ആയതിൻപ്രകാരം നാം അവനെ ആരാധിക്കുകയും അവനെ മാത്രം സ്തുതിക്കുകയും ചെയ്യുന്നവരാകുന്നു. അത്, നാം അവനോടു ചേർക്കപ്പെടുവോളം നിത്യം ജീവിതത്തിൽ പ്രായോഗികമാക്കേണ്ടുന്ന ഒരു സംഗതിയാണ്. ഈ നല്ലവനായ പിതാവിനെ മാത്രം ആരാധിക്കാം. അവന്റെ പുത്രൻ നമുക്ക് വേണ്ടി ചൊരിഞ്ഞ ആ നിഷ്കളങ്ക രക്തത്തിൽ വിശ്വസിക്കാം. ഈ ദൈവം മാത്രം എന്റെ ദൈവം എന്നു ജീവിതത്തിൽ ഉറെയ്ക്കാം. ദൈവം നമ്മെ ബലപ്പെടുത്തുകയും അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ.

പരാമർശം:
നെഹെമ്യാവു 9:6

നീ, നീ മാത്രം യഹോവ ആകുന്നു; നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകലസൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി; നീ അവയെ ഒക്കെയും രക്ഷിക്കുന്നു; ആകാശത്തിലെ സൈന്യം നിന്നെ നമസ്കരിക്കുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 128